# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2880 — 28/01/2014 ൽ മറുപടിക്ക്

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ വിപുലീകരണവും പരിഷ്ക്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>" സണ്ണി ജോസഫ്<br>" റ്റി. എൻ. പ്രതാപൻ<br>" അൻവർ സാദത്ത് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) വിപുലീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി ഒരു അധ്യയന വർഷത്തേക്ക് കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമ അധ്യാപകർക്ക് നേരിട്ട് നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി കൂടുതൽ പരിശോധന വിധേയമാക്കുന്നതിന് വേണ്ടി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; | ബി) & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഉച്ചഭക്ഷണ പദ്ധതിയുടെ വിപുലീകരണവും**
**പരിഷ്ക്കരണവും സംബന്ധിച്ച വിശദാംശങ്ങൾ**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 31/07/2012 വരെ താഴെപ്പറയുന്ന നടപടി ക്രമങ്ങളാണ് പാലിച്ചു പോന്നിരുന്നത്.

- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അരി, പയർ, മറ്റു ധാന്യങ്ങൾ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നൽകിയിരുന്നു. പയറിന്റെയും മറ്റു ധാന്യങ്ങളുടെയും വില ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നേരിട്ടാണ് നൽകിവന്നിരുന്നത്.

- സ്കൂളിലെ കുട്ടികൾക്ക് ആവശ്യമായ പാൽ ബന്ധപ്പെട്ട മിൽമ ഏജൻസികളിൽ നിന്നും വാങ്ങാൻ അതാത് പ്രഥമാധ്യാപകർക്ക് നിർദ്ദേശം നിൽകിയിരുന്നു. ആയതിന്റെ വില മിൽമയ്ക്ക് പൊതു പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് നൽകിയിരുന്നു.
- ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള പച്ചക്കറി, പലവ്യഞ്ജനം, വിറക്, എണ്ണ മുതലായവക്ക് കുട്ടി ഒന്നിന് 1 രൂപ നിരക്കിൽ നൽകി വന്നിരുന്നു.
- കൂടാതെ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം നൽകുന്ന മുട്ടയുടെ വില നാമക്കൽ നിരക്കിൽ ബന്ധപ്പെട്ട സ്കൂൾ അധികൃതർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകി വന്നിരുന്നു.
- എന്നാൽ പരിഷ്കരിച്ച പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് ആവശ്യമായ അരി നേരത്തെ നൽകി വന്നിരുന്നതുപോലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന ശാലകളിൽ നിന്നും തുടർന്നും നൽകുകയും പച്ചക്കറി, പലവ്യഞ്ജനം, പാൽ, മുട്ട, വിറക്, എണ്ണ എന്നിവ വാങ്ങുന്നതിന് കുട്ടി ഒന്നിനു 5 രൂപാ നിരക്കിൽ പ്രഥമ അധ്യാപകന്റെ സ്കൂൾ അക്കൗണ്ടിലേക്ക് ഫണ്ട് ഇ-ട്രാൻസ്ഫർ മുഖേന നേരിട്ട് നൽകുകയുമാണ് ചെയ്യുന്നത്.